"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല -വേങ്ങര ഗ്രാമപഞ്ചായത്ത്- തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, സാധന സാമഗ്രികൾ എത്തിക്കൽ, ഉയരത്തിലുള്ള ലൈറ്റുകളുടെ പരിപാലനം എന്നിവ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അനുയോജ്യമായ വാഹനം തനത് ഫണ്ടിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1952/2026/LSGD തീയതി,തിരുവനന്തപുരം, 16-10-2026

---

പരാമർശം:-

1. 30.05.2026 തീയതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ 1(4) നമ്പർ തീരുമാനം
2. GO(P)No.42/2026/FIN തീയതി 06.03.2026
3. വേങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/6/2026 ലെ 3848856-2026 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 18/08/2026 ലെ LSGD/PD/27059/2026-GEB2 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ വേങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വാർഷിക കരാർ പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്ക് കാലതാമസം നേരിടുന്നതായും തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, സാധന സാമഗ്രികൾ എത്തിക്കൽ, ഉയരത്തിലുള്ള ലൈറ്റുകളുടെ പരിപാലനം എന്നിവ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അനുയോജ്യമായ വാഹനം വാങ്ങേണ്ടത് അനിവാര്യമായതിനാൽ തനത് ഫണ്ടിൽ നിന്നും വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന പരാമർശം (1) ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേങ്ങര ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, സാധന സാമഗ്രികൾ എത്തിക്കൽ, ഉയരത്തിലുള്ള ലൈറ്റുകളുടെ പരിപാലനം എന്നിവ കാര്യക്ഷമമായി നിർവഹിക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് അനുയോജ്യമായ വാഹനം **(Mahindra Supro Profit Truck maxi അല്ലെങ്കിൽ സമാന സ്പെസിഫിക്കേഷനിലുള്ള വാഹനം)** തനത് ഫണ്ടിൽ നിന്നും വാങ്ങുന്നതിന് വേങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4) ധനകാര്യവകുപ്പ്(3613732/Dev -3/223/2026/ധനതീയതി 23/9/2026 )
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7) കരുതൽ ഫയൽ (ഡി.ബി2/530/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 17-10-2026
13:52:56

സെക്ഷൻ ഓഫീസർ

.